**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1214** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡിന്റെ പ്രവൃത്തി നടത്തുന്നതിന് മുൻപു തന്നെ ആ റോഡിലുള്ള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാ തല ഇൻഫ്രാസ്ട്രക്ചർ കോഡിനേഷൻ കമ്മിറ്റികൾ (DICC) PMG Portal, RoW Portal, Constituency Monitoring team എന്നിവ നിലവിലുണ്ട്. കൂടാതെ 07.01.2022 ലെ ജി.ഒ(ആർ.ടി)നം. 20/2022/ പൊ.മ.വ പ്രകാരം ജലവിഭവ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനർ ആയും പൊതുമരാമത്ത് വകുപ്പ് ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിരസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24.02.2022 ലെ ജി.ഒ(എം.എസ്)നം. 8/2022/പൊ.മ.വ പ്രകാരംപുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയ്ക്ക് തന്നെ മേൽ ഉത്തരവ് പ്രകാരം നിക്ഷിപ്തമാക്കിയിട്ടുണ്ട്.<br><br>എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ PMG |

| | | | |
|---|---|---|---|
| | | | Portal മുഖേന ത്വരിതപ്പെടുത്തി വരുന്നു. റോഡുകൾ കുഴിയ്ക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW Portal മുഖേനയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിലൂടെ വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി തങ്ങളുടെ പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ